**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** — **29-01-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലന്വേഷകർക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും വിദേശത്ത് ജോലി ലഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും വിവിധ സാങ്കേതിക പരിജ്ഞാനം നേടിയവർക്കും വിദേശത്ത് ജോലി ലഭ്യമാക്കുവാൻ സഹായിക്കുന്നതി നായി കേരളീയ പ്രവാസികാര്യവകുപ്പിന്റെ കീഴിലുള്ള നോർക്ക- റൂട്ട്സ്, തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ ഓവർസീസ് ഡെവലപ്മെൻറ് ആൻറ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻറ് ലിമിറ്റഡ് (ഒഡെപെക്) എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം ചുവടെ ചേർക്കുന്ന സേവനങ്ങൾ നൽകി വരുന്നു .<br><br>നോർക്ക റൂട്ട്സിൽ പ്രവർത്തിക്കുന്ന റിക്രൂട്ട്മെന്റ് വിഭാഗം നിയമപരവും സുതാര്യവും സുരക്ഷിതവുമായ മാർഗ്ഗങ്ങളിലൂടെ വിദേശത്ത് കുടിയേറുവാൻ ഉദ്യോഗാർഥികളെ സഹായിച്ചുവരുന്നു. എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമായിട്ടുള്ള 18 രാജ്യങ്ങളിലേയ്ക്ക് നഴ്സുമാർക്കും, പത്താംക്ലാസ് പാസാകാത്തവർക്കും ഇ- മൈഗ്രേറ്റ് സിസ്റ്റം പ്രയോജനപ്പെടുത്തിയാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. നിലവിൽ സൗദി ആരോഗ്യ മന്ത്രാലയം, കുവൈറ്റ് നാഷണൽ ഗാർഡ് , യു.കെ, ജർമ്മനി, കാനഡ എന്നീ രാജ്യങ്ങളിലെ ആരോഗ്യ മേഖലയിൽ നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് ചെയ്തു വരുന്നു.<br><br>കോഴിക്കോട് ഐ.ഐ.എം-മായി സഹകരിച്ച് അന്തർദേശീയ തലത്തിൽ വളർന്നു വരുന്ന വിദേശ തൊഴിൽ മേഖലകൾ തിരിച്ചറിയുന്നതിനും, കുടിയേറ്റത്തിന്റെ വ്യാപ്തി തിരിച്ചറിയുന്നതിനും പഠനം നടത്തിയിട്ടുണ്ട്. നോർക്ക-റൂട്ട്സ് നടപ്പിലാക്കിയിട്ടുള്ള സ്കിൽ അപ്ഗ്രഡേഷൻ & റീ-ഇന്റഗ്രേഷൻ പ്രോഗ്രാമിലൂടെ രാജ്യത്തിനകത്തും പുറത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്ക വിധം യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം, ആശയ |

വിനിമയ വൈദഗ്ധ്യം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം ലഭ്യമാക്കുന്നുണ്ട്. വിദേശ റിക്രൂട്ട്മെന്റ് നടപടികളുമായി ബന്ധപ്പെട്ട പരിശീലനം, നൈപുണ്യവികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ നോർക്ക റൂട്ട്സിൽ മാർക്കറ്റ് റിസർച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യാജ റിക്രൂട്ട്മെൻറ്,വിസ തട്ടിപ്പ് തുടങ്ങിയവയ്ക്കെതിരെ ബോധവത്ക്കരണം ഉൾപ്പെടെയുള്ള നടപടികൾ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച കേന്ദ്ര വിദേശകാര്യ വകുപ്പിന്റെ പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്ക്കരണം നടത്തുന്നതിന് സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെൻറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

യൂറോപ്യൻ രാജ്യങ്ങളിലെ തൊഴിൽ വിപണിയിൽ കൂടുതൽ അവസരങ്ങൾ നേടിയെടുക്കുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ്(NIFL)-ന്റെ തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിൽ ഇംഗ്ലീഷ്, ജർമ്മൻ, അറബിക് ഭാഷകളിൽ പരിശീലനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ, സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുവാൻ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നോർക്ക റൂട്ട്സ് പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിലുള്ള തൊഴിൽ സാധ്യത കണക്കിലെടുത്ത് അതത് രാജ്യങ്ങളിലെ ഗവ.ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെൻറ് (NICE)-മായി സഹകരിച്ച് പരിശീലനം നൽകുന്നുണ്ട് . ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിലെ തൊഴിൽ സാധ്യത പരിഗണിച്ച് ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് &അനലിറ്റിക്സ് തുടങ്ങിയ നൂതന സാങ്കേതിക കോഴ്സുകളിൽ പരിശീലനം നൽകുന്നുണ്ട്.

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും,സാങ്കേതിക പരിജ്ഞാനം ഉള്ളവർക്കും അല്ലാതെയുമുള്ള തൊഴിലാളികൾക്കും അനുയോജ്യമായ മേഖലകളിൽ തൊഴിൽ നേടുവാൻ സഹായിക്കുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം, അങ്കമാലി, ഡൽഹി എന്നിവിടങ്ങളിൽ ആധുനിക

| | | | |
|---|---|---|---|
| | | | സജ്ജീകരണങ്ങളോടെ അന്താരാഷ്ട്ര നിലവാരമുള്ള വിദേശഭാഷാ പഠന കേന്ദ്രങ്ങൾ ഒഡെപെക് നടത്തുന്നുണ്ട് . യുറോപ്യൻ രാജ്യങ്ങളിൽ തൊഴിൽ ലഭ്യമാകാൻ ആവശ്യമായ IELTS/OET പരിശീലനം ലഭ്യമാക്കുന്ന ഈ കേന്ദ്രങ്ങളിൽ ജർമ്മൻ, ഡച്ച് എന്നീ ഭാഷകൾ പഠിപ്പിക്കുന്നു. തികച്ചും സൗജന്യമായോ അർഹരായ വിഭാഗങ്ങൾക്ക് സ്റ്റൈപ്പന്റോടെയോ ആണ് പരിശീലനം നൽകുന്നത്. അയാട്ട (IATA)അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെകിനു കീഴിൽ പ്രവർത്തിക്കുന്നു. വിദേശ റിക്രൂട്ട്മെൻറ്, എയർടിക്കറ്റ് എന്നീ മേഖലകൾക്ക് പുറമേ ടൂർ പാക്കേജ്, ട്രെയിനിംഗ്, സ്റ്റഡി എബ്രോഡ് എന്നീ മേഖലകളിൽക്കൂടി ഒഡെപെക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട് . |
| (ബി) | ആയതിലേക്ക് ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ ഏജൻസികൾ ഏതെല്ലാമെന്ന് അറിയിക്കാമോ? | (ബി) | കേരളീയ പ്രവാസികാര്യവകുപ്പിന്റെ കീഴിലുള്ള നോർക്ക-റൂട്ട്സ്, തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ ഓവർസീസ് ഡെവലപ്മെൻറ് ആൻറ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടൻറ് ലിമിറ്റഡ് (ഒഡെപെക്) എന്നീ സ്ഥാപനങ്ങളാണ് വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സർക്കാർ ഏജൻസികൾ. |

സെക്ഷൻ ഓഫീസർ